പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം: 2486

11/10/2011-ൽ മറുപടി

നല്കേണ്ടത്

## സർക്കാർ ഭൂമി കൈയ്യേറ്റം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പുറക്കാട് ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളിയിൽ സ്വകാര്യ വ്യക്തി മണൽതിട്ട കയ്യേറി റോഡ് നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. പുറക്കാട് ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ തെക്കുഭാഗത്തുള്ള മണൽതിട്ടയിൽ വനം വകുപ്പ് വ്യാപകമായി കാറ്റാടി മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുള്ളതാകുന്നു. ഈ മരങ്ങൾക്കിടയിലൂടെ പടിഞ്ഞാറോട്ട് കടൽപ്പുറത്തേക്ക് ഏകദേശം 3 മീറ്റർ വീതിയിൽ ഒരു വഴി ഉള്ളതായും ഈ വഴിയിൽ ഗ്രാവൽ വിരിച്ച് കുറച്ച് ഭാഗത്ത് ട്രാക്ക് റോഡ് നിർമ്മിച്ചിട്ടുള്ളതായും കാണുന്നു. താല്ക്കാലികമായുള്ള ഈ റോഡിലൂടെ ചെറിയ വാഹനങ്ങളിൽ മത്സ്യത്തൊഴിലാളികൾ ചെമ്മീൻ തോട് കയറ്റിക്കൊണ്ട്പോയി മണൽതിട്ടയിൽ നിരത്തി ഉണക്കുന്നതിനായി ഈ ഭാഗം ഉപയോഗിച്ചുവരുന്നു. |
| (ബി) എങ്കിൽ എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) മണൽതിട്ട കൈയേറി റോഡ് നിർമ്മിച്ചവരെ സംബന്ധിച്ചുള്ള വിശദവിവരം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) മണൽതിട്ട കയ്യേറി റോഡ് നിർമ്മിച്ച സ്വകാര്യവ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി) പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരുടെ പരാതിയിന്മേലാണ് എന്ന് വ്യക്തമാക്കുമോ ? | (സി) യും (ഡി) യും.<br>മണൽതിട്ടയിലൂടെ നിർമ്മിച്ചിട്ടുള്ള റോഡ്, ചെമ്മീൻതോട് വണ്ടിയിൽ കയറ്റിക്കൊണ്ട്പോയി ഉണക്കുന്നതിനായി ഉപയോഗിക്കുന്നതല്ലാതെ ഈ ഭാഗം ഏതെങ്കിലും സ്വകാര്യവ്യക്തികൾ കൈവശം വച്ചിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ കാണുന്നില്ല. ആകയാൽ ആർക്കെതിരെയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ